**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2562 **06.02.2018** -ലെ മറുപടിക്ക്

## പട്ടികജാതിക്കാർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വന്തമായി ഭൂമിയില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | വകുപ്പിന്റെ കണക്കു പ്രകാരം 43282 ഭൂരഹിത കുടുംബങ്ങളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്വന്തമായി വീടില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | വകുപ്പിന്റെ കണക്കു പ്രകാരം 47130 ഭവനരഹിതരുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് ഭൂമി നൽകുന്നതിനും വീടു നിർമ്മിച്ച് നൽകുന്നതിനും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000/- രൂപയിൽ താഴെ വരുമാനമുള്ളതും സ്വന്തമായി ഭൂമിയില്ലാത്തതുമായ അപേക്ഷകർക്ക് പഞ്ചായത്തുകളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും, മുൻസിപ്പാലിറ്റികളിൽ 3 സെന്റിനു 4,50,000/- രൂപയും കോർപ്പറേഷനിൽ 3 സെന്റിനു 6,00,000/- രൂപയും നിരക്കിൽ അനുവദിച്ചു വരുന്നു. ഗുണഭോക്താക്കളെ ഗ്രാമസഭ/ വാർഡ് സഭ ലിസ്റ്റുകളിൽ നിന്നും തെരഞ്ഞെടുക്കുന്നു. വാർഡ്സഭ/ഗ്രാമസഭ ലിസ്റ്റ് ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വകുപ്പ് മുഖേന നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും |

| | | | |
|---|---|---|---|
| | | | നിലവിലുള്ള അർഹതാ മാനദണ്ഡങ്ങളനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു.<br>സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി നിലവിൽ 3 ലക്ഷം രൂപ ധനസഹായമായി നൽകി വരുന്നു. ടി തുക നിശ്ചിത 4 ഗഡുക്കളായി (15%,30%,40%1,5%) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു. 2017-18 വർഷം മുതൽ ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകിയെന്നും എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീട്ടു നിർമ്മാണത്തിന് ധനസഹായം നൽകിയെന്നും വെളിപ്പെടുത്താമോ; | (ഡി) | ഈ സർക്കാർ വന്നശേഷം പട്ടികജാതി വികസന വകുപ്പു മുഖേന 7016 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകി. 20194 പട്ടികജാതി കുടുംബങ്ങൾക്ക് വീട്ടു നിർമ്മാണത്തിന് ധനസഹായം നൽകി. |
| (ഇ) | ഇത്തരം പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചുവെന്നും 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (ഇ) | ഇത്തരത്തിലുള്ള രണ്ട് പദ്ധതികൾക്കായി 2016-17-ൽ ആകെ 409.39 കോടി രൂപ ചെലവഴിച്ചു. (ഭൂമി -174.89 കോടി+ ഭവനം- 234.50 കോടി)<br>2017-18-ൽ നാളിതുവരെ 334.81 കോടി രൂപ ചെലവഴിച്ചു. (ഭൂമി-104.08 കോടി, ഭവനം- 230.73 കോടി) |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>നിയമസഭാ ചോദ്യം 2562-ലെ ക്രമ നമ്പർ: എ, ബി എന്നിവയുടെ അനുബന്ധം</u>

<u>ഭൂമി / ഭവന രഹിതരുടെ എണ്ണം</u>

| ക്രമ നമ്പർ | ജില്ല | ഭൂ രഹിതരുടെ എണ്ണം | ഭവന രഹിതരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 8576 | 7213 |
| 2 | കൊല്ലം | 2376 | 4129 |
| 3 | പത്തനംതിട്ട | 5106 | 850 |
| 4 | ആലപ്പുഴ | 825 | 5655 |
| 5 | കോട്ടയം | 1907 | 2225 |
| 6 | ഇടുക്കി | 2931 | 3452 |
| 7 | എറണാകുളം | 1734 | 2738 |
| 8 | തൃശ്ശൂർ | 5133 | 5940 |
| 9 | പാലക്കാട് | 4905 | 6369 |
| 10 | മലപ്പുറം | 6360 | 3992 |
| 11 | കോഴിക്കോട് | 1478 | 2216 |
| 12 | വയനാട് | 250 | 534 |
| 13 | കണ്ണൂർ | 1110 | 810 |
| 14 | കാസർഗോഡ് | 591 | 1007 |
| | **ആകെ** | **43282** | **47130** |

**സെക്ഷൻ ഓഫീസർ**